#TBMoviePanel - ലോക സിനിമകൾ
Film : The Shining(1980)
Language : English
Genres : Horror, Mystery
Director : Stanley Kubrik

സ്റ്റീഫൻ കിങ് എന്ന അമേരിക്കൻ കഥാകാരന്റെ പ്രശസ്തമായ നോവലുകളിൽ ഒന്നാണ് 1977-ൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള "ദി ഷൈനിങ് ".. വളരെ അധികം വായിക്കപ്പെട്ട ഈ സൃഷ്ടി കിങ്ങിനെ, ഹൊറർ രചനാ വിഭാഗത്തിലെ അഗ്രഗണ്യൻ ആക്കിതീർത്തു... നോവലിലെ കഥാപശ്ചാത്തലവും കഥാപാത്രങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് 1974 ൽ ദി സ്റ്റാൻലി ഹോട്ടലിൽ അദ്ദേഹം നടത്തിയ സന്ദർശനവും അദ്ദേഹത്തിന്റെ മദ്യാസക്തിയും നൽകിയ അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്..

ഇതേ നോവലിനെ അടിസ്ഥാനമാക്കി 1980 ൽ വിഖ്യാത സംവിധായകൻ സ്റ്റാൻലി കുബ്രിക്കും ഡയാനയും ചേർന്ന് തിരക്കഥ എഴുതി അതെ പേരിൽ തന്നെ ഒരു ചലച്ചിത്രം ഒരുക്കുകയുണ്ടായി... കഥാപശ്ചാത്തലത്തിനും കഥാപാത്രങ്ങൾക്കും മാറ്റമൊന്നും ഇല്ലായെങ്കിലും കഥയിൽ നോവലിൽ നിന്നും അടിസ്ഥനപരമായ നിറയെ മാറ്റങ്ങളോടെ ആണ് കുബ്രിക് ചിത്രം ഒരുക്കിയത്..

ഓവർലുക്ക് ഹോട്ടൽ എന്ന അതിപുരാതനവും ദുരൂഹത നിറഞ്ഞതുമായ ഒരു ഹോട്ടൽ ആണ് കഥാ പശ്ചാത്തലം... കൊളറാഡോ മലനിരകളിൽ ഒറ്റപ്പെട്ടു നിലനിൽക്കുന്ന ഹോട്ടൽ എല്ലാവർഷവും അതിശൈത്യ കാലത്ത് അടച്ചിടുകയും, ശൈത്യകാലം കഴിയും വരെ ഹോട്ടൽ പരിപാലിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ആളുകളെ ഏൽപ്പിക്കാറും ഉണ്ട് ...ഒരിക്കൽ ഹോട്ടൽ പരിപാലിക്കുവാൻ കരാറിൽ ഏർപ്പെട്ട ഗ്രാൻഡി എന്നൊരാൾ ഹോട്ടലിൽ താമസിച്ചുകൊണ്ടിരിക്കെ തന്റെ ഭാര്യയെയും രണ്ടു പെൺമക്കളെയും മഴു കൊണ്ട് വെട്ടി ദാരുണമായി കൊലപ്പെടുത്തി.. അതിനുശേഷം ഓരോ ശൈത്യകാലത്തും ആ ദുരന്തം വാർത്തിക്കപ്പെടുമോ എന്നൊരു ആശങ്ക ഹോട്ടൽ നടത്തിപ്പുകാർക്ക് ഉണ്ട്.. ഈ ശൈത്യകാലത് ഭാഗ്യവശാലോ നിർഭാഗ്യവശാലോ അതിനുള്ള അവസരം ലഭിച്ചത് ജാക്ക് ടോറൻസ് എന്ന എഴുത്തുകാരന് ആണ്... ജാക്ക് അമിത മദ്യാസക്തിയിൽ നിന്നും മോചനം നേടിക്കൊണ്ടിരിക്കുന്ന വ്യക്തിയാണ്... മദ്യാസക്തി മൂലം ഒരിക്കൽ മകനെ ഉപദ്രവിച്ചിട്ടും ഉണ്ട്.. ഹോട്ടലിലെ ഏകാന്തമായ അന്തരീക്ഷം കുടുംബവുമായി തന്നെ കൂടുതൽ അടുപ്പിക്കും എന്നയാൾ കണക്ക് കൂട്ടി..
അങ്ങനെ ഭാര്യ വെൻഡിയെയും മകൻ ഡാനിയേയും കൂട്ടി നിഗൂഢതകൾ നിറഞ്ഞ ആ ഹോട്ടലിലേക്ക് ജാക്ക് താമസത്തിനു വരികയാണ്.. വെൻഡിയെയും ഡാനിയേയും അവിടുത്തെ പ്രധാന പാചക്കാരൻ ഡിക്ക് ഹാലോറൻ ഹോട്ടൽ മുഴുവൻ കൊണ്ട് നടന്നു പരിചയപ്പെടുത്തുകയും ചെയ്യുന്നു.. ജാക്കിന്റെ മകൻ ഡാനിക്ക് അന്യരുടെ മനോഗതം മനസ്സിലാക്കുവാൻ ഉള്ള ഒരു പ്രത്യേക സിദ്ധി ഉണ്ട്...അതെ കഴിവുള്ള ഡിക്ക് ഹാലൊരനുമായി അതിവേഗം ഡാനി അടുപ്പത്തിൽ ആകുന്നു...

അധികം വൈകാതെ തന്നെ ജാക്കിനെയും കുടുംബത്തെയും ഹോട്ടൽ ഏൽപ്പിച്ചു ജീവനക്കാർ എല്ലാവരും സ്വന്തം നാടുകളിലേക്ക് പോയി... പിന്നീട് ഉള്ള സംഭവങ്ങൾ ആണ് സിനിമയിൽ നിങ്ങളെ കാത്തിരിക്കുന്നത്... ജാക്കിനും കുടുംബത്തിനും ഗ്രാൻഡിയുടെ കുടുംബത്തിന്റെ അതെ ദുർഗതി വരുമോ.. ? ഹോട്ടലിലെ ദുരൂഹതകൾ നീക്കാൻ ജാക്കിനാകുമോ? ഈ ചോദ്യങ്ങൾക്കൊക്കെ ഉള്ള ഉത്തരങ്ങൾ ചിത്രം കണ്ടു തന്നെ മനസ്സിലാക്കണം..

ജാക്ക് നിക്കോൾസൺ ആണ് ജാക്ക് ടോറൻസിന്റെ വിവിധ മാനസിക വ്യവഹാരങ്ങളെ അതുജ്വലമായി തിരശീലയിലേക്ക് പകർത്തിയിരിക്കുന്നത്.. ഷെല്ലി ഡ്യൂവൽ ആണ് വെൻഡിയെ അവതരിപ്പിച്ചിരിക്കുന്നത്... ജാക്കിന്റെ മകൻ ഡാനി ആയി എത്തുന്നത് ഡാനി ലോയ്ഡ് ആണ്...വെൻഡി കാർലോസും റാഷേൽ എൽകിന്തും ചേർന്നൊരുക്കിയ ഉദ്വേഗവും ഭയവും ജനിപ്പിക്കുന്ന ചിത്രത്തിന്റെ പശ്ചാത്തല സംഗീതം എടുത്തു പറയേണ്ടത് തന്നെ ആണ്... ചിത്രം ഇറങ്ങി നാൽപ്പതു വർഷങ്ങൾക്കിപ്പുറവും കാഴ്ചക്കാരനെ ആസ്വാദനത്തിന്റെ മറ്റൊരു തലത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും വിഷ്വൽസും ചിത്രസംയോജനവും.. എസ്കലേറ്ററിലെ അടഞ്ഞ വാതിലുകളിൽ കൂടി രക്തം ഇരച്ചെത്തുന്ന രംഗങ്ങൾ അതിനൊരുദാഹരണം ആണ്.. ചലച്ചിത്ര രൂപത്തിൽ അവതരിച്ചപ്പോൾ നോവലിലെ പല പ്രധാന സംഭവങ്ങൾക്കും കുബ്രിക് മാറ്റം വരുത്തി... അതിനു കിങ്ങിന്റെ അനുവാദം കുബ്രിക് വാങ്ങിയിരുന്നു എങ്കിലും അദ്ദേഹം തൃപ്തൻ അല്ലായിരുന്നു.. നോവലിന്റെ ചലച്ചിത്രാവിഷ്കാരം ആണെങ്കിലും കുബ്രിക് തന്റേതായ, മെറ്റഫോറുകൾ നിറഞ്ഞ ഒരു പുതിയ ചിത്രം തിരശീലയിൽ വരച്ചിടുകയായിരുന്നു.. ഒരുപാട് ഉത്തരമില്ലാത്ത ചോദ്യങ്ങൾ ബാക്കിയാക്കി ചിത്രം അവസാനിക്കുമ്പോൾ ഓരോ പ്രേക്ഷകനും വ്യത്യസ്ത വിധങ്ങളിൽ ആവും മനസിലാക്കിയിട്ടുണ്ടാവുക.. സിനിമ പ്രേമികൾ തീർച്ചയായും കണ്ടിരിക്കേണ്ട ഒരു ചിത്രം തന്നെയാണ് "ദി ഷൈനിങ് "

Written By
Arjun Anand